**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5682** **16-03-2023 - ൽ മറുപടിയ്ക്ക്**

**മാധ്യമ പ്രവർത്തകനെതിരെയുള്ള കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | മാധ്യമങ്ങളെ കർത്തവ്യരഹിതമാക്കാനും അഭിപ്രായം പറയുന്നവരേയും വിമർശിക്കുന്നവരേയും കേസുകൾ ചുമത്തി ജയിലിൽ അടയ്ക്കുവാനും സംസ്ഥാന ആഭ്യന്തര വകുപ്പ് ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സ്വതന്ത്രവും നീതിപൂർവ്വകവും സത്യസന്ധവും ജനാധിപത്യപരവുമായ മാധ്യമപ്രവർത്തനത്തിന് ഒരു വിലക്കും സർക്കാർ ഏർപ്പെടുത്തിയിട്ടില്ല. അതിനു പുറമെ, ആ മാധ്യമപ്രവർത്തന സ്വാതന്ത്ര്യത്തിന് എല്ലാ പരിരക്ഷയും നല്കുകയും ചെയ്യുക എന്നതാണ് സർക്കാർ നിലപാട്. |
| (ബി) | മലയാളത്തിലെ ഒരു പ്രമുഖ വാർത്താ ചാനലിന്റെ അവതാരകനും അസ്സോ. എഡിറ്ററുമായ ശ്രീ. വിനു വി. ജോണിന് എതിരെ ഏതെങ്കിലും പരാതി പോലീസിൽ ലഭിച്ചിരുന്നോ; എങ്കിൽ എന്നാണ് പരാതി കിട്ടിയതെന്നും പരാതിയിലെ ഉള്ളടക്കവും പരാതി നൽകിയ വ്യക്തിയുടെ വിശദാംശവും ലഭ്യമാക്കുമോ; | (ബി) | ശ്രീ എളമരം കരീം എം.പി 30.03.2022 ൽ സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകിയിരുന്നു.പ്രസ്തുത പരാതി വിഷയത്തിലേക്ക് ബഹു. തിരുവനന്തപുരം JFCM-III കോടതിയുടെ അനുമതി വാങ്ങി കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 459/2022 പ്രകാരമുള്ള കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.<br><br>28/03/2022 ൽ ഏഷ്യാനെറ്റ് ന്യൂസ് ചാനലിൽ നടന്ന News Hour Debate എന്ന പരിപാടിയിൽ അവതാരകനായ വിനു വി. ജോൺ പരാതിക്കാരനും കുടുംബത്തിനും എതിരായി നടത്തിയ പരാമർശങ്ങൾ ചൂണ്ടിക്കാണിച്ചാണ് പരാതി നല്കിയത്. |
| (സി) | മാസങ്ങൾക്ക് മുമ്പ് ലഭിച്ച പരാതിയിൽ ഇപ്പോൾ പോലീസ് അസാധാരണ നിബന്ധനകളോടെ നോട്ടീസ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ നോട്ടീസ് നല്കുവാനുണ്ടായ സാഹചര്യം വിശദമാക്കുമോ; | (സി) | പ്രസ്തുത പരാതി വിഷയത്തിലേക്ക് ബഹു. തിരുവനന്തപുരം JFCM-III കോടതിയുടെ അനുമതി വാങ്ങി കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 459/2022 u/s 107, 116, 504, 506(i) of IPC, 120(O) of KP Act പ്രകാരം 28.04.2022-ൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. കുറ്റാരോപിതന് നിയമാനുസരണം 41A CrPC പ്രകാരമുള്ള നോട്ടീസാണ് നൽകിയിട്ടുള്ളത്. |
| (ഡി) | ശ്രീ. വിനു വി. ജോണിന് പോലീസ് നൽകിയിരുന്ന | (ഡി) | (സി) യിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | നോട്ടീസിലെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | | |
| (ഇ) | പ്രസ്തുത വ്യക്തിയുടെ വീട്ടിലേക്ക് മാർച്ചോ പ്രകടനമോ ഏതെങ്കിലും സംഘടനകളോ വ്യക്തികളോ നടത്തിയിരുന്നോ; എങ്കിൽ അപ്രകാരം മാർച്ച് സംഘടിപ്പിച്ചത് ആരാണെന്നുള്ള വിശദാംശം നൽകുമോ; | (ഇ) | ഇത്തരം സംഭവങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | ശ്രീ. വിനു വി. ജോൺ ഇതുമായി ബന്ധപ്പെട്ട് പോലീസിൽ ഏതെങ്കിലും പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതി എന്ന് ലഭിച്ചുവെന്നും അതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | (എഫ്) | ഉത്തരം (ഇ )യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (ജി) | ശ്രീ. വിനു വി. ജോണിനെതിരെ കേസ് എടുക്കാൻ ഉണ്ടായ സാഹചര്യം വിശദമാക്കാമോ? | (ജി) | ശ്രീ എളമരം കരീം എം.പി 30.03.2022 ൽ സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകിയിരുന്നു.പ്രസ്തുത പരാതി വിഷയത്തിലേക്ക് ബഹു. തിരുവനന്തപുരം JFCM-III കോടതിയുടെ അനുമതി വാങ്ങി കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 459/2022 പ്രകാരമുള്ള കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.<br><br>28/03/2022 ൽ ഏഷ്യാനെറ്റ് ന്യൂസ് ചാനലിൽ നടന്ന News Hour Debate എന്ന പരിപാടിയിൽ അവതാരകനായ വിനു വി. ജോൺ പരാതിക്കാരനും കുടുംബത്തിനും എതിരായി നടത്തിയ പരാമർഷങ്ങൾ ചൂണ്ടിക്കാണിച്ചാണ് പരാതി നല്കിയത്. |

സെക്ഷൻ ഓഫീസർ